ഉത്തരം

(എ) അനുബന്ധം ഒന്നിൽ ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം രണ്ടിൽ ചേർത്തിരിക്കുന്നു.*

(സി) സംസ്ഥാനത്തെ മറ്റു പിന്നോക്ക സമുദായങ്ങൾക്കുള്ള സംവരണാനുകൂല്യം ലഭിക്കുന്ന സമുദായങ്ങളുടെ ലിസ്റ്റ് അനുബന്ധം മൂന്നിൽ കൊടുത്തിരിക്കുന്നു. കൂടാതെ ചെട്ടി, മഹേന്ദ്ര മേധര, പണ്ടാരം, പലിശ പെരുംകൊല്ലൻ, മൗണ്ടാടൻ ചെട്ടി, ഇടനാടൻ ചെട്ടി പണ്ടാരൻ എന്നീ സമുദായങ്ങളെയും സംവരണാനുകൂല്യം ലഭിക്കുന്ന മറ്റു പിന്നോക്ക സമുദായ ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിച്ചുവരുന്നു.

പട്ടികവർഗ്ഗക്കാർക്ക് വ്യവസായ/വാണിജ്യ പലിശരഹിത വായ്പ

107 (5512) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർക്ക് വ്യവസായ/വാണിജ്യ പലിശ രഹിത വായ്പ ലഭ്യമാക്കുവാനുള്ള പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിക്കായി കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ഓരോ വർഷവും വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് വ്യക്തമാക്കുമോ ;

(ഡി) പദ്ധതിയുടെ നടപ്പുവർഷത്തെ ഭൗതിക ലക്ഷ്യം, സാമ്പത്തിക ലക്ഷ്യം എന്നിവ വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർക്ക് വ്യവസായ/വാണിജ്യ പലിശ രഹിത വായ്പ ലഭ്യമാക്കുവാനുള്ള പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പു മുഖേന നടപ്പിലാക്കിവരുന്നില്ല.

(ബി-ഡി) 'എ' പിരിവിനുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

പട്ടികവർഗ്ഗക്കാർക്ക് ഭവനനിർമ്മാണത്തിനുള്ള പലിശരഹിത വായ്പ

108 (5513) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗക്കാർക്ക് ഭവനനിർമ്മാണത്തിനായി പലിശരഹിത വായ്പ ലഭ്യമാക്കാനായുള്ള പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ ;

---

* അനുബന്ധം ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ;

(സി) പദ്ധതിക്കായി കഴിഞ്ഞ മൂന്നു വർഷങ്ങളിൽ ഓരോ വർഷവും വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് വ്യക്തമാക്കുമോ ;

(ഡി) പദ്ധതിപ്രകാരം കഴിഞ്ഞ മൂന്നു വർഷങ്ങളിൽ വയനാട് ജില്ലയിൽ ചെലവഴിച്ച തുകയുടെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) പട്ടികവർഗ്ഗക്കാർക്ക് ഭവനനിർമ്മാണത്തിനായി പലിശരഹിത വായ്പ പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്നില്ല. ഈ വിഭാഗത്തിന് ഭവനനിർമ്മാണത്തിന് മുഴുവൻ തുകയും ഗ്രാന്റായാണ് നൽകുന്നത്.

(ബി-ഡി) ഉത്തരം 'എ'-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

പട്ടികജാതി പട്ടികവർഗ്ഗ കോർപ്പറേഷനിൽ നിന്നും കൃഷി ഭൂമി വാങ്ങുവാൻ വായ്പ

109 (5514) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിന്നും കൃഷി ഭൂമി വാങ്ങുവാനായി എത്ര രൂപവരെയാണ് പരമാവധി വായ്പ നൽകുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ചുരുങ്ങിയത് 50 സെന്റ് കൃഷി ഭൂമി വാങ്ങുന്നതിന് കോർപ്പറേഷൻ നൽകുന്ന വായ്പ, കൃഷി ഭൂമി വാങ്ങാൻ പര്യാപ്തമാകുമോ എന്നത് പരിശോധിച്ചിട്ടുണ്ടോ ;

(സി) കൃഷി ഭൂമിയുടെ വില സംസ്ഥാനത്ത് വർദ്ധിച്ചിരിക്കുന്ന സാഹചര്യം കണക്കിലെടുത്ത് വായ്പ തുക വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിന്നും കൃഷിഭൂമി വാങ്ങുവാനായി പരമാവധി 1,50,000 രൂപ വരെയാണ് നൽകുന്നത്. ഇതിൽ 1,00,000 രൂപ വരെ വായ്പയും 50,000 രൂപ വരെ സബ്സിഡിയുമാണ്.

(ബി&സി) ഈ പദ്ധതിയുടെ നിർവ്വഹണം പ്രത്യേക സർക്കാർ ഉത്തരവനുസരിച്ച് 1999-2000-ത്തിലാണ് കോർപ്പറേഷൻ ആരംഭിച്ചത്. പദ്ധതിയുടെ ആരംഭത്തിൽ നിശ്ചയിക്കപ്പെട്ട പരമാവധി പദ്ധതി തുകയായ 1,50,000 രൂപ പിന്നീട് വർദ്ധിപ്പിച്ചിട്ടില്ല. എന്നാൽ സംസ്ഥാനത്തെ ഭൂമിവിലയിൽ അടുത്ത

LIBRARY ARCHIVES Kerala Legislative Assembly